# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 714 — 20.03.2013 ൽ മറുപടിക്ക്

### മൾട്ടി ഡ്രഗ് റസിസ്റ്റന്റ് ട്യൂബർക്കുലോസിസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>,, വി. എം. ഉമ്മർ മാസ്റ്റർ<br>,, കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മൾട്ടി ഡ്രഗ് റസിസ്റ്റന്റ് ട്യൂബർക്കുലോസിസ് ബാധിതരുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) മൾട്ടി ഡ്രഗ് റസിസ്റ്റന്റ് ട്യൂബർക്കുലോസിസ് (എം.ഡി.ആർ-റ്റി.ബി) ബാധിതരുടെ എണ്ണം വർദ്ധിക്കുന്നതായി കണക്കുകൾ കാണിക്കുന്നില്ല. 2009 ൽ 823 രോഗികളിൽ എം.ഡി.ആർ-റ്റി.ബി സംശയിച്ചപ്പോൾ കൾച്ചർ റിസൾട്ട് പ്രകാരം 167 പേർക്ക് (20%) എം.ഡി.ആർ-റ്റി.ബി ഉള്ളതായി കണ്ടു പിടിക്കപ്പെട്ടു. 2010 ൽ 830 രോഗികളിൽ 167 (17%) പേർക്കും 2011 ൽ 1404 പേരിൽ 164 (12%) പേർക്കും 2012 ൽ 6340 പേരെ പരിശോധിച്ചപ്പോൾ 293 (5%) പേർക്ക് എം.ഡി.ആർ-റ്റി.ബി ഉള്ളതായി കണ്ടുപിടിക്കപ്പെട്ടു. ഇതിനുകാരണം ആധുനിക സജ്ജീകരണങ്ങൾ ഉപയോഗിച്ച് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് 3 ഇരട്ടി രോഗികളെ പരിശോധിക്കാൻ 2012 ൽ കഴിഞ്ഞതുകൊണ്ടാണ്. |
| (ബി) ഇത് തടയുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കുമോ; | (ബി) എം.ഡി.ആർ-റ്റി.ബി തടയുന്നതിന് WHO നിർദ്ദേശിച്ചിട്ടുള്ള നയങ്ങളാണ് RNTCP പിന്തുടരുന്നത്.<br>1) ഇതിൽ ഏറ്റവും പ്രധാനം നേരിട്ടുള്ള നിരീക്ഷണത്തിൽ റ്റി.ബിയ്ക്കുള്ള മരുന്ന് നൽകുന്നതാണ് (പൂർണ്ണ അളവിൽ പൂർണ്ണമായ കാലത്തേയ്ക്ക്)<br>എം.ഡി.ആർ-റ്റി.ബി ഉണ്ടാകാതിരിക്കാൻ ഡോട്സ് (DOTS) ചികിൽസ പാലിക്കേണ്ടതാണ്.<br>2) എം.ഡി.ആർ-റ്റി.ബി രോഗികളെ ആധുനിക പരിശോധനകൾ വഴി 3 ദിവസത്തിനുള്ളിൽ രോഗനിർണ്ണയം ചെയ്ത് ചികിൽസ ആരംഭിക്കുന്നതാണ് രണ്ടാമത്തെ വഴി.<br>ഇവ രണ്ടും വിജയകരമായ രീതിയിൽ കേരളത്തിൽ നടപ്പാക്കി കഴിഞ്ഞിട്ടുള്ളതാണ്. |

| | |
|---|---|
| (സി) ഇത്തരം രോഗികളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) എം.ഡി.ആർ-റ്റി.ബി രോഗികളെ കൃത്യമായി 24 മാസം നീണ്ടുനിൽക്കുന്ന ചികിൽസ എടുപ്പിക്കുന്ന പക്ഷം എം.ഡി.ആർ-റ്റി.ബി പൂർണ്ണമായും മാറുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. ഇവർക്ക് അവരവരുടെ വീട്ടിൽ നിന്നും ചികിൽസ എടുക്കാവുന്നതാണ്. (Domestic Treatment). ആദ്യം ചികിൽസ തുടങ്ങുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലും കോഴിക്കോട് മെഡിക്കൽ കോളേജിലും രണ്ട് ചികിൽസാ കേന്ദ്രങ്ങളാണുള്ളത്. ഇവിടെ കണ്ടുപിടിക്കപ്പെടുന്ന എം.ഡി.ആർ-റ്റി.ബി രോഗികളെ 7 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ കിടത്തി ചികിൽസ തുടങ്ങിയശേഷം അവരവരുടെ ജില്ലാ ടി.ബി. സെന്ററുകൾ വഴി ചികിൽസ തരപ്പെടുത്തുന്നു. ഈ കേന്ദ്രങ്ങളിൽ എത്തിപ്പെടുവാൻ പറ്റാത്ത രോഗികളെ അവരവരുടെ ജില്ലയിൽത്തന്നെ ചികിൽസ എടുക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലും മലപ്പുറം ജില്ലയിലും നടപ്പാക്കിക്കഴിഞ്ഞു. ചികിൽസയിലിരിക്കുന്ന എം.ഡി.ആർ-റ്റി.ബി രോഗിയിൽ നിന്നും രോഗവ്യാപനം നടക്കുന്നതല്ല. രോഗം പകരാതിരിക്കുവാനുള്ള ഏക മാർഗ്ഗം കണ്ടുപിടിക്കുന്ന ക്ഷയരോഗികളെ കൊണ്ട് കൃത്യമായി ചികിൽസ എടുപ്പിക്കുകയെന്നതാണ്. |

സെക്ഷൻ ഓഫീസർ